# മൂന്നാം ദിനത്തിലും മാറ്റേറി വസന്തോത്സവം

തിരുവനന്തപുരം: മേള മൂന്ന് ദിനങ്ങൾ പിന്നിടുമ്പോൾ കേരളത്തിന്റെ തനത് സംസ്കാരവും പാരമ്പര്യവും വസന്തത്തിന്റെ വർണ്ണ / ശോഭയുടെയും നേർകാഴ്ചയൊരുക്കി തലസ്ഥാന നഗരിക്ക് പ്രിയപ്പെട്ടതാവുകയാണ് വസന്തോത്സവം 2018. കുട്ടികൾക്കൊപ്പം കുടുംബങ്ങളും പുഷ്പമേള ആസ്വദിക്കാൻ കനകക്കുന്നിലേക്ക് എത്തുന്ന കാഴ്ചയാണ് കഴിഞ്ഞ ദിവസങ്ങളിൽ കണ്ടത്. പ്രവൃത്തി ദിനങ്ങളിലും വമ്പിച്ച ജനത്തിരക്കാണ് മേളയിൽ അനുഭവപ്പെട്ടത്. ആന്തൂറിയവും ബോൺസായിയും ഓർക്കിഡും തുടങ്ങി നിരവധി വൈവിധ്യങ്ങളാണ് കനകക്കുന്നിൽ സുഗന്ധം പരത്തുന്നത്.

സ്കൂൾ വിദ്യാർഥികളും യുവാക്കളും മാത്രമല്ല വിദേശികൾ വരെ മേള ആസ്വദിക്കാൻ എത്തുന്നുണ്ട്. പുഷ്പങ്ങളാൽ നിർമിച്ച തീവണ്ടിയും അരയന്നവും ഗണപതിയുമെല്ലാം സന്ദർശകരിൽ കൗതുകം ഉണർത്തുന്നു. പുഷ്പമേള കൂടാതെ ഔഷധ സസ്യങ്ങൾ കാർഷിക ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണന മേള, അലങ്കാര മത്സ്യങ്ങളുടെ അപൂർവ ശേഖരം, ഗോത്ര വർഗ കാഴ്ചകളും ഭക്ഷ്യമേളയും തുടങ്ങി നിരവധി സവിശേഷമായ കാഴ്ചകൾ ആസ്വാദകർക്കായി മേളയിൽ വിരുന്നൊരുക്കുന്നു.

## ഇഞ്ചി മുതൽ ഗരുഡക്കൊടി വരെ

പുതിയ കാലത്ത് പല പേരുകളിൽ വരുന്ന രോഗങ്ങളെ പ്രതിരോധിക്കാൻ നെട്ടോട്ടമോടുകയാണ് മനുഷ്യൻ. ആയുർവേദത്തിലെ ഒറ്റമൂലികളിലേക്കും ഔഷധസസ്യങ്ങളിലേക്കുമുള്ള തിരിച്ചു പോക്കാണ് ഈ രോഗങ്ങളെ ചെറുക്കാനുള്ള ഏക പോംവഴി. പാർശ്വഫലങ്ങളില്ലാതെ രോഗത്തെ പ്രതിരോധിക്കുന്ന ഔഷധ സസ്യങ്ങളുടെ അപൂർവ പ്രദർശനമാണ് വസന്തോത്സവം 2018 ൽ ഒരുക്കിയിരിക്കുന്നത്. പൂജപ്പുര സർക്കാർ ആയുർവേദ കോളജ് ഫാർമകോഗ്നോസി യൂണിറ്റും ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടണിക്കൽ ഗാർഡനും ചേർന്നു ഒരുക്കിയിരിക്കുന്ന ഈ പ്രദർശനത്തിൽ 200 ൽ പരം ഔഷധ സസ്യങ്ങളാണുള്ളത്.

വാതചികിത്സക്കായി ഉപയോഗിക്കുന്ന വാതംകൊല്ലി, വിഷചികിത്സക്കായി ഉപയോഗിക്കുന്ന ഗരുഡക്കൊടി, പനിമാറ്റാൻ ഉപയോഗിക്കുന്ന ചെറുകടലാടി, വിളർച്ചക്കുള്ള മണിത്തക്കാളി, ഓർമ്മശക്തി വർദ്ധിപ്പിക്കാനുള്ള ബ്രഹ്മി തുടങ്ങി നിരവധി ഔഷധസസ്യങ്ങൾ പ്രദർശനത്തിനുണ്ട്. നമ്മുടെ അടുക്കളയിൽ നിന്നും ഒഴിച്ചുകൂടാനാകാത്ത ഇഞ്ചി മുതൽ അറിയപ്പെടാത്ത ഒട്ടനേകം ഔഷധസസ്യങ്ങൾ സന്ദർശകർക്ക് കൗതുകവും അറിവും സമ്മാനിക്കുന്നു. കൂടാതെ ദശപുഷ്പങ്ങൾ ഉൾപ്പെടെയുള്ള വിവിധയിനത്തിലുള്ള അപൂർവയിനം ഔഷധസസ്യങ്ങളും പ്രദർശനത്തിലുണ്ട്.

## കാവ് തീണ്ടല്ലേ മക്കളേ; കുളം വറ്റും

കാവും കാടും കുളവുമെല്ലാം എന്നും മലയാളികൾക്ക് ഗൃഹാതുരത്വം ഉണർത്തുന്ന സ്മരണകളാണ്. ഒരു ജനതയുടെ സംസ്കാരത്തിന്റെ മാത്രമല്ല ആവാസവ്യവസ്ഥയുടെതന്നെ ഭാഗമാണ് ഇവയെല്ലാം.



മന്ത്രി കെ രാജു വസന്തോത്സവം സന്ദർശിക്കുന്നു

മതവിശ്വാസത്തിന്റെ പേരിൽ മാത്രം പുറംലോകത്തിന് സുപരിചിതമായ കാവുകളിൽ ഒളിഞ്ഞിരിക്കുന്ന പരിസ്ഥിതി സംരക്ഷണത്തിന്റെ കഥകൾ പുറം ലോകത്തിന് പരിചയപ്പെടുത്തുകയാണ് വസന്തോത്സവത്തിൽ. ജവഹർലാൽ നെഹ്റു ബൊട്ടാണിക്കൽ ഗാർഡൻ കനകക്കുന്നിൽ നിർമിച്ച കാവ് പുതുതലമുറയ്ക്കു ഇന്ന് അന്യമായ കാഴ്ചകളാണ് സമ്മാനിക്കുന്നത്.

'കാവ് തീണ്ടല്ലേ മക്കളെ കുളം വറ്റും' എന്ന പഴഞ്ചൊല്ല് ഊട്ടിയുറപ്പിക്കുന്നത് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെയാണ്. ഭൂഗർഭ ജലസ്രോതസ്സുകൾ നിലനിർത്താൻ കാവുകൾ വഹിക്കുന്ന പങ്ക് ചെറുതല്ല. ഫലഭൂയിഷ്ഠമായ മണ്ണാണ് കാവുകളുടെ സവിശേഷത. കാവിലെ മൺതരികൾ മഴവെള്ളത്തെ ഒരു സ്പോഞ്ചുപോലെ ഒപ്പിയെടുത്താണ് ജലസ്രോതസുകൾ വറ്റാതെ നിർത്തിയിരുന്നത്. കാവുകൾ വാസസ്ഥലമാക്കിയിരുന്ന പക്ഷികളും കൃഷിയിടങ്ങളിൽ വഹിച്ചിരുന്ന പങ്കും ചെറുതല്ല. ജീവവായുവിന്റെ പ്രധാന ഉറവിടവും ഔഷധസസ്യങ്ങളുടെ കലവറയുമായിരുന്നു കാവുകൾ നമ്മുടെ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും പ്രതീകമായിത്തീർന്ന കാവുകളെ അതേപടി പകർത്തിയാണ് ഈ കാവിന്റെയും നിർമ്മാണരീതി. ഒറ്റനോട്ടത്തിൽ വർഷങ്ങളായി സർപ്പാരാധനയും പൂജയും നടക്കുന്ന ഒരു സർപ്പകാവാണിതെന്നു തോന്നിപ്പിക്കുന്ന കാവിന്റെ രൂപകൽപ്പനയും നിർമാണവും കാവുകളെക്കുറിച്ച് ഗവേഷണം നടത്തുന്ന ശാസ്ത്രജ്ഞൻ രാജേന്ദ്രപ്രസാദും പ്രേംകുമാറും ചേർന്നാണ് നിർവഹിച്ചിരിക്കുന്നത്. കാവുകളുടെ ഗുണങ്ങളെപ്പറ്റി സംസാരിക്കുന്ന ലിഖിതങ്ങളും കാവിന് അഭിമുഖമായി സംഘാടകർ ഒരുക്കിയിട്ടുണ്ട്.

## തിരക്കേറുന്നു; സന്ദർശന സമയം കൂട്ടി

വസന്തോൽസവത്തിലെത്തുന്ന കാണികളുടെ തിരക്ക് കണക്കിലെടുത്ത് സന്ദർശന സമയത്തിൽ മാറ്റം വരുത്തി. രാവിലെ 10 മുതൽ രാത്രി 8.30 വരെ മേളയിൽ പ്രവേശനം അനുവദിക്കും. നേരത്തെ ഇത് രാത്രി 8 മണിവരെയായിരുന്നു. ടിക്കറ്റുകൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആൽത്തറ, കവടിയാർ, വഴുതയ്ക്കാട്, നന്തൻകോട്, ജവഹർ നഗർ, തുടങ്ങിയ ശാഖകളിൽ നിന്നും വെബ്സൈറ്റിൽ ഓൺലൈനായും ലഭ്യമാണ്. ഇതു കൂടാതെ കനകക്കുന്ന് പ്രവേശനകവാടത്തിന് സമീപത്തായി എസ്ബിഐയുടെ നേതൃത്വത്തിൽ 12 ടിക്കറ്റ് കൗണ്ടറുകളും പ്രവർത്തിക്കുന്നുണ്ട്. മുതിർന്നവർക്ക് നാൽപത് രൂപയും 12 വയസ് വരെയുള്ള കുട്ടികൾക്ക് 15 രൂപയുമാണ് പ്രവേശന നിരക്ക്. അഞ്ച് വയസിൽ താഴെയുള്ള കുട്ടികൾക്ക് പ്രവേശനം സൗജന്യമാണ്.

കുടുംബങ്ങൾക്കും സ്കൂളുകൾക്കും നിരക്കിൽ പ്രത്യേക ഇളവുണ്ട്. മാതാപിതാക്കളും 5 നും 12 നും ഇടയിൽ പ്രായമുള്ള രണ്ട് കുട്ടികളും അടങ്ങുന്ന കുടുംബത്തിന് 100 രൂപയ്ക്കും പരമാവധി അൻപത് കുട്ടികൾ അടങ്ങുന്ന സ്കൂൾ സംഘത്തിന് 500 രൂപയ്ക്കും പ്രവേശന പാസ് സ്വന്തമാക്കാം. സംഘത്തിനൊപ്പം സ്കൂളിലെ അഞ്ച് മുതിർന്നവർക്കും പ്രവേശനം അനുവദിക്കും. അൻപതിലധികം കുട്ടികളടങ്ങിയ സംഘത്തിൽ അധികം വരുന്ന ഓരോരുത്തർക്കും 1[illegible] രൂപ ടിക്കറ്റ് തുകയായി നൽകേണ്ടി വരും.

## വിഎഫ്പിസികെ സ്റ്റാളുകളിൽ തിരക്കേറുന്നു

തിരുവനന്തപുരം കനകക്കുന്നിൽ നടന്നുവരുന്ന വസന്തോത്സവമേളയിൽ വിഎഫ്പിസികെ തളിർ ബ്രാൻഡ് ഉൽപന്നങ്ങൾക്ക് പ്രിയമേറുന്നു. വിഎഫ്പിസികെ കർഷകരിൽ നിന്നും സമാഹരിച്ച ജൈവപച്ചക്കറികൾക്കും, നാടൻ പഴങ്ങൾക്കും മൂല്യവർധിത ഉൽപന്നങ്ങളായ ഡ്രൈഡ് റൈപ്പൻഡ് ബനാന, കട്ട് വെജിറ്റബിൾ തുടങ്ങിയവയ്ക്ക് സന്ദർശകരിൽ പ്രിയം ഏറുന്നു. മൂവാറ്റുപുഴ ഹൈടെക് പ്ലഗ് നഴ്സറിയിൽ ഉൽപാദിപ്പിച്ച വഴുതന, തക്കാളി, പയർ, കാളിഫ്ളവർ എന്നീ പച്ചക്കറി തൈകൾ വാങ്ങുന്നതിനും ആവശ്യക്കാരേറെ എത്തുന്നുണ്ട്. ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ, ഫലവൃക്ഷത്തൈകൾ, സമ്പുഷ്ടീകരിച്ച ഇ എം ലായനി, നേർപ്പിച്ച ഗോമൂത്രം, ഫിഷ് അമിനോ വളം, ജൈവവളക്കൂട്ട്, വേപ്പിൻ പിണ്ണാക്ക്, പുകയില കഷായ കിറ്റ് തുടങ്ങിയ ജൈവകൃഷിക്കാവശ്യമായ ഉൽപാദനോപാധികളും സ്റ്റാളിൽ ലഭ്യമാണ്. വിഎഫ്പിസികെയുടെ വിവിധ കാർഷിക പ്രസിദ്ധീകരണങ്ങളും, 'കൃഷിയങ്കണം' ദ്വൈമാസികയുടെ വരിക്കാരാകുന്നതിനുള്ള സൗകര്യവും സ്റ്റാളിൽ സജ്ജമാക്കിയിട്ടുണ്ട്.